# കേരളസർവകലാശാല

നം.പി.ആർ.151/2023 തിരുവനന്തപുരം, തീയതി: 27/07/2023

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ബിരുദാനന്തര ബിരുദ പ്രവേശനം – 2023
### സ്പോർട്സ് ക്വാട്ട സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിലെ സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റിലേക്കുള്ള സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ പൂർത്തിയായി. സ്പോർട്സ് ക്വാട്ട ഓപ്ഷൻ നൽകിയ വിദ്യാർത്ഥികൾക്ക് പ്രൊഫൈലിൽ നിന്നും വെരിഫിക്കേഷൻ സ്റ്റാറ്റസ് പരിശോധിക്കാവുന്നതാണ്.

സർട്ടിഫിക്കറ്റ് റിജക്ടായ വിദ്യാർത്ഥികൾക്ക്, നിലവിൽ അപ്ലോഡ് ചെയ്ത സർട്ടിഫിക്കറ്റിന്റെ ന്യൂനത പരിഹരിച്ച് 2023 ജൂലൈ 31, 5 മണി വരെ പ്രൊഫൈലിൽ അപ് ലോഡ് ചെയ്യാവുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്ന പരാതികൾ പരിഗണിച്ചതിനു ശേഷം ഫൈനൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത തീയതിക്ക് ശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല. പരാതികൾ സർവകലാശാലയിലേക്ക് നേരിട്ടോ ഇ-മെയിൽ മുഖേനയോ അയയ്ക്കേണ്ടതില്ല.

### പരീക്ഷാഫലം

കേരളസർവകലാശാല നടത്തിയ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എസ്സി. (മേഴ്സിചാൻസ് – 2010, 2011, 2012 അഡ്മിഷൻ), നവംബർ 2022 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 10 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷ മാറ്റി

കേരളസർവകലാശാല 2023 ആഗസ്റ്റ് 1 ന് ഗവ.സംസ്കൃത കോളേജിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എം.എ.സംസ്കൃതം (സാഹിത്യ സ്പെഷ്യൽ) പരീക്ഷ മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്. അന്നേദിവസത്തെ മറ്റു പരീക്ഷകൾക്ക് മാറ്റമില്ല.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2023 ഏപ്രിലിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി. ഫിസിക്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ സ്പെയ്സ് ഫിസിക്സ് ആന്റ് എം.എസ്സി. ഫിസിക്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ നാനോ സയൻസ് (ന്യൂ ജനറേഷൻ കോഴ്സ്) പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷ ആഗസ്റ്റ് 3 മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബി.സി.എ. (332), മാർച്ച് 2023 ഡിഗ്രി പരീക്ഷയുടെ പ്രായോഗിക പരീക്ഷ 2023 ആഗസ്റ്റ് 10, 11, 14, 16

തീയതികളിൽ അതാതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല നടത്തിയ അഞ്ചും ആറും സെമസ്റ്റർ ബി.സി.എ./ബി.എസ്സി. കമ്പ്യൂട്ടർ സയൻസ് (എസ്.ഡി.ഇ.), ഏപ്രിൽ 2023 ഡിഗ്രി പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി.കാർഡ്/ഹാൾടിക്കറ്റുമായി ജൂലൈ 31 മുതൽ ആഗസ്റ്റ് 7 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഇ.ജെ.III (മൂന്ന്) സെക്ഷനിൽ ഹാജരാകേണ്ടതാണ്.

## കേരളസർവകലാശാല സെനറ്റ് ആഗസ്റ്റ് 4 ലേക്ക് മാറ്റി

2023 ജൂലൈ 29 ന് പകൽ 2 മണിക്ക് നടത്താൻ നിശ്ചയിച്ചിരുന്ന കേരളസർവകലാശാല സെനറ്റിന്റെ പ്രത്യേക യോഗം 2023 ആഗസ്റ്റ് 4–ാം തീയതിയിലേക്ക് മാറ്റിവച്ചിരിക്കുന്നു. സ്ഥലത്തിനോ സമയത്തിനോ മാറ്റമില്ല.

## എസ്.ടി. സീറ്റ് ഒഴിവ്

കേരളസർവകലാശാലയുടെ കോമേഴ്സ് പഠനവകുപ്പിൽ എം.കോം. ഗ്ലോബൽ ബിസിനസ് ഓപ്പറേഷൻസ് പ്രോഗ്രമിന് 2023 – 2025 ബാച്ച് അഡ്മിഷന് ST സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥികൾ 2023 ജൂലൈ 31 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

## ‘ആസാദി ക അമൃത് മഹോത്സവ്’ – ക്വിസ് മത്സരം

സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയാറാം വാർഷികത്തോടനുബന്ധിച്ച് ‘ആസാദി ക അമൃത് മഹോത്സവത്തിന്റെ സമാപനത്തിന്റെ ഭാഗമായി കേരളസർവകലാശാല കാര്യവട്ടം ക്യാമ്പസ് ലൈബ്രറി കേരളസർവകലാശാല ഡിപ്പാർട്ട്മെന്റ്സ് യൂണിയനുമായി ചേർന്ന് പൊതുവിജ്ഞാന ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 8 ന് നടത്തുന്ന മത്സരത്തിൽ സർവകലാശാലയിലെ വിവിധ വകുപ്പുകളിലെ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും പങ്കെടുക്കാവുന്നതാണ്. മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഗൂഗിൾ ലിങ്ക് (hhtps://forms.gle/kDhrfLQwp5LBpT3E6) മുഖേന ആഗസ്റ്റ് 5 വൈകുന്നേരം 5 മണിക്ക് മുൻപായി രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക്: 9447587194, 7012682328.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**